## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **6455**

03.04.2018-ലെ മറുപടി

## പൊതുടാപ്പുകളുടെയും പൊട്ടിയ പൈപ്പുകളുടെയും അറ്റകുറ്റപണികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സാധാരണക്കാരായ ജനവിഭാഗം കുടിവെള്ളത്തിനായി ആശ്രയിക്കുന്ന പൊതുടാപ്പുകളുടെ അറ്റകുറ്റപണികൾ സമയാസമയത്ത് നടത്താത്തതിനാലും പൊട്ടിയ പൈപ്പുകൾ യഥാസമയം നന്നാക്കാത്തതിനാലും ശുദ്ധജലം നഷ്ടമാകുന്നത് തടയാൻ നടപടി സ്വീകരിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>(ബി) രൂക്ഷമാകുന്ന ജലക്ഷാമം കണക്കിലെടുത്ത് ശുദ്ധജലം ഇപ്രകാരം നഷ്ടമാകുന്നത് തടയാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്തെന്ന് വ്യക്തമാക്കാമോ? | (എ) യും (ബി) യും | കാലപ്പഴക്കം കാരണം പൊട്ടുന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, അമൃത് തുടങ്ങിയവയിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതികൾ തയ്യാറാക്കി സമയബന്ധിതമായി കേരള വാട്ടർ അതോറിറ്റി മാറ്റി സ്ഥാപിച്ചുവരുന്നു. കൂടാതെ വരൾച്ചാ കാലത്ത് ഇത്തരത്തിലുള്ള ശുദ്ധജല നഷ്ടം തടയാൻ പ്രത്യേക ശ്രദ്ധ ചെലുത്തി യഥാസമയം പ്രശ്നം പരിഹരിക്കാറുണ്ട്. ബ്ലൂ ബ്രിഗേഡ് പോലുള്ള സംവിധാനത്തിലൂടെ അടിയന്തിര ഘട്ടങ്ങളിൽ ശുദ്ധജലം നഷ്ടപ്പെടാതിരിക്കാൻ അറ്റകുറ്റ പണികൾ നടത്തുന്നതിനുള്ള നടപടികളും കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. കൂടാതെ ജലദുരുപയോഗം തടയുന്നതിന് പ്രത്യേക സ്ക്വാഡ് പ്രവർത്തനവും കേരള വാട്ടർ അതോറിറ്റി നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ